# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 265** **05.03.2012-ലെ മറുപടിക്ക്**

## ഖജനാവിലെ മിച്ചം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ.) | ഈ സർക്കാർ അധികാരമേറ്റെടുത്തപ്പോൾ ഖജനാവിൽ എത്ര തുക മിച്ചമുണ്ടായിരുന്നു ; | ഈ സർക്കാർ അധികാരമേറ്റെടുത്തപ്പോൾ (16.05.2011 ലെ കണക്കുകൾ പ്രകാരം) 1963.47 കോടി രൂപ ട്രഷറി ബില്ലുകളിൽ നിക്ഷേപം ഉണ്ടായിരുന്നു. |
| (ബി.) | ആയത് ഇപ്പോൾ എത്രയെന്ന് വ്യക്തമാക്കുമോ ; | റിസർവ്വ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 28.02.2012 ൽ 2894.61 കോടി രൂപയാണ് ട്രഷറി ബില്ലുകളിൽ നിക്ഷേപിക്കപ്പെട്ടിരുന്നത്. |
| (സി) | ഈ സർക്കാർ എത്ര തുകയുടെ കടപ്പത്രമാണ് പുറത്തിറക്കിയത് ; ഇതിന് റിസർവ് ബാങ്കിന്റെ അനുമതി കിട്ടിയോ ; വ്യക്തമാക്കുമോ ? | ഈ സർക്കാർ അധികാരമേറ്റശേഷം 29.02.2012 വരെ 7780 കോടി രൂപയുടെ കടപ്പത്രം പുറത്തിറക്കിയിട്ടുണ്ട്. ഇതിനുള്ള അനുമതി കേന്ദ്ര ധനമന്ത്രാലയം നൽകുകയും അതിൻപ്രകാരം, റിസർവ്വ് ബാങ്ക് സംസ്ഥാന സർക്കാരിനുവേണ്ടി കടപ്പത്രം പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം കടപത്രം മുഖേന ലഭിക്കുന്ന തുക ഏതൊക്കെ ആവശ്യങ്ങൾക്കാണ് സർക്കാർ വിനിയോഗിക്കുന്നതെന്നും പ്രസ്തുത കടപത്രത്തിന്റെ പലിശ കാലയളവ് വ്യക്തമാക്കുമോ ? | കടപ്പത്രം മുഖേന ലഭിക്കുന്ന തുക സംസ്ഥാനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കാണ് സർക്കാർ വിനിയോഗിക്കുന്നത്. ഈ സർക്കാർ 29.02.2012 വരെ എടുത്തിട്ടുള്ള കടപ്പത്രങ്ങളുടെ പലിശ നിരക്കിന്റെ വെയ്റ്റഡ് ആവറേജ് 8.76 ശതമാനവും, കാലാവധി 10 വർഷവുമാണ്. |

സെക്ഷൻ ഓഫീസർ